**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5047** **11-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വീട്ടുകളിൽ എത്തിച്ച് നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളിൽ പോയി സാധനങ്ങൾ വാങ്ങുന്നതിന് പരസഹായം ആവശ്യമായ നിരവധി കുടുംബങ്ങൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് റേഷൻ സാധനങ്ങൾ വീട്ടുകളിൽ എത്തിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. നേരിട്ട് റേഷൻ കടയിൽ പോകാൻ സാധിക്കാത്ത വൃദ്ധരും കിടപ്പിലായതും രോഗികളായവരുമായ കാർഡുടമകൾക്ക് അതേ റേഷൻ കടയിലെ കാർഡംഗം ആയ വ്യക്തിയെ പകരക്കാരനായി നിയോഗിച്ച് റേഷൻ വാങ്ങാവുന്ന പ്രോക്സി സംവിധാനം നിലവിലുണ്ട്. ഇതിനായി ടിയാളുടെ പേര്, ആധാർ, മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ സഹിതം താലൂക്ക് സപ്ലൈ ഓഫീസർക്ക് അപേക്ഷ നല്കിയാൽ മതിയാകും. |
| (ബി) | ഇല്ലെങ്കിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ആയത് ഏതൊക്കെ മേഖലകളിൽ ആരംഭിക്കുമെന്നറിയിക്കാമോ; ആദിവാസി ഊരുകൾക്ക് ഈ വിഷയത്തിൽ പ്രഥമ പരിഗണന നൽകുമോ; വിശദമാക്കുമോ? | (ബി) | വന്യമൃഗശല്യം, ഏറെ ദൂരം യാത്ര ചെയ്യേണ്ടി വരിക, കുന്നിൻ പ്രദേശം, ഒറ്റപ്പെട്ട കോളനികൾ എന്നീ ക്ലേശ ഘടകങ്ങൾ പരിഗണിച്ച് ഒറ്റപ്പെട്ട വനയോര മേഖലകളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ നേരിട്ട് എത്തിച്ച് നൽകുന്ന "സഞ്ചരിക്കുന്ന റേഷൻകട" എന്ന പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ അകമലവാരം, എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ എളംബ്ലാശ്ശേരി എന്നീ ആദിവാസി ഊരുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇപ്രകാരം ആദിവാസി ഊരുകളിൽ റേഷൻ വിതരണം നടത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ 2018 ൽ ആരംഭിച്ച "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ